# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4867 05.02.2014-ൽ മറുപടിക്ക്.

**എല്ലാ പഞ്ചായത്തുകളിലും പൊതു ശ്മശാനം.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം.ആരിഫ് | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എല്ലാ പഞ്ചായത്തുകളിലും പൊതുശ്മശാനം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് കഴിഞ്ഞില്ല എന്ന് വ്യക്തമാക്കാമോ? | എല്ലാ പഞ്ചായത്തുകളിലും പൊതു ശ്മശാനം എന്ന ലക്ഷ്യം പൂർണ്ണമായും സാക്ഷാൽക്കരിക്കുവാൻ കഴിഞ്ഞിട്ടില്ല.<br><br>പൊതുശ്മശാനം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ നേരിടുന്ന പ്രധാന വെല്ലുവിളി അനുയോജ്യമായ സ്ഥലത്തിന്റെ ദൗർലഭ്യവും പൊതുജനങ്ങളുടെ എതിർപ്പുമാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 12-ാം പഞ്ചവൽസര പദ്ധതി (2012-17) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സി ഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗ്ഗരേഖയിൽ പൊതുശ്മശാനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക പ്രോജക്ടിൽ വകയിരുത്താൻ നിഷ്ക്കർഷിച്ചിട്ടുണ്ട്. നിലവിൽ 483 ഗ്രാമപഞ്ചായത്തു കളിൽ പൊതുശ്മശാനങ്ങൾ ഉണ്ട്.<br><br>ഗ്രാമപഞ്ചായത്തുകൾക്ക് പൊതുശ്മശാനം നിർമ്മാണത്തിനുള്ള ധനസഹായം സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ പൊതുശ്മശാന നിർമ്മാണത്തിന് ധനസഹായമായി ഒരു ഗ്രാമപഞ്ചായത്തിന് 11 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്ക് 550 ലക്ഷം രൂപ |

അനുവദിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തുകയും ടി തുക 52 ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാനം നിർമ്മിക്കുന്നതിനും/ നവീകരിക്കുന്നതിനും ചെലവഴിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരാവുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ